## സംസ്ഥാനതല പ്രസിദ്ധീകരണത്തിന്

തിരുവനന്തപുരം: വിവരസാങ്കേതികവിദ്യയുടെ വളർച്ചയും അനുബന്ധമേഖലകളിൽ വർദ്ധിച്ചു വരുന്ന തൊഴിലവസരങ്ങളും മുന്നിൽകണ്ടുകൊണ്ടു സാമൂഹ്യക്ഷേമ വകുപ്പും തിരുവനന്തപുരം, പൂജപ്പുരയിലുള്ള എൽ. ബി. എസ്സ് വനിതാ എഞ്ചിനീയറിംഗ് കോളേജും സംയുക്തമായി വനിതകൾക്കുവേണ്ടി നടത്തുന്ന ഫിനിഷിംഗ് സ്ക്കൂൾ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. 50 ശതമാനത്തിൽ കുറയാത്ത മാർക്കോടെ (എസ്.സി/എസ്. റ്റി യ്ക്ക് 45 ശതമാനം) സയൻസ്/ ആർട്സ്/ കൊമേഴ്സ് വിഷയങ്ങളിലുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. പ്രായം 01-01-2008 - ൽ 23 വയസ്സ് കവിയരുത്. ഇംഗ്ലീഷ്, ന്യൂമറിക്കൽ എബിലിറ്റി, പൊതുവിജ്ഞാനം എന്നിവയിൽ നടത്തുന്ന അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. 5 മാസം ദൈർഘ്യമുള്ള കോഴ്സിന്റെ ഫീസ് 3000/- രൂപയാണ്. എസ്.സി., എസ്.റ്റി, ഒ.ഇ.സി, എസ്.ഇ.ബി.സി, വിഭാഗങ്ങളെ ഫീസിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

അപേക്ഷഫോറം www.lbsitw.ac.in എന്ന വെബ്സൈറ്റിലും കോളേജ് ഓഫീസിലും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ ജൂലൈ 16 ന് വൈകിട്ട് 4 മണിക്ക് മുമ്പ് പ്രിൻസിപ്പൽ, എൽ.ബി.എസ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വിമൻ, പൂജപ്പുര, തിരുവനന്തപുരം-12 എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം. കുടുതൽ വിവരങ്ങൾക്കായി 0471-2343395, 9447081627 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

05/04/07

പ്രിൻസിപ്പൽ